10 (406) മത്സ്യ ബന്ധന തുറമുഖങ്ങളുടെ വികസനപദ്ധതി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും വികസനത്തിനും സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള പല മത്സ്യബന്ധന തുറമുഖങ്ങളുടെയും സൗകര്യങ്ങൾ അപര്യാപ്തമാണെന്ന വിവരം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികൾ തമ്മിൽ സംഘർഷം ഉണ്ടാകുന്നതിന്റെ ഒരു പ്രധാനകാരണം മത്സ്യ ബന്ധനതുറമുഖങ്ങളിൽ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാനുതകുന്ന വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഫിഷ്ലാന്റിംഗ് സെന്ററുകൾ, ഫിഷിംഗ് ഹാർബറുകൾ എന്നിവയുടെ നവീകരണത്തിനായി 1101 ലക്ഷം രൂപയ്ക്കുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

11 (407) മത്സ്യ വിപണന കേന്ദ്രങ്ങളിലെ ശുചീകരണ സൗകര്യങ്ങൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട മത്സ്യവിപണന കേന്ദ്രങ്ങളിൽ ശുദ്ധജല വിതരണവും ശുചീകരണവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly